**ഒറീസ്സയിലെ നിയംഗിരിയിൽ ഖനനം നടത്താനുള്ള വേദാന്തയുടെ നീക്കത്തിന് കേന്ദ്രവനം–പരിസ്ഥിതി മന്ത്രാലയം തിരിച്ചടി നൽകിയിരിക്കുന്നു. ലാഞ്ചിഗഡിലുള്ള വേദാന്തയുടെ അലുമിനിയം റിഫൈനറിക്ക് വേണ്ടി ഖനനം നടത്താനാണ് ഒറീസ്സാ മൈനിംഗ് കോർപ്പറേഷൻ മന്ത്രാലയത്തോട് അനുമതി ആവശ്യപ്പെട്ടിരുന്നത്. ഇത് നിഷേധിച്ച പരിസ്ഥിതി മന്ത്രാലയം പരിസ്ഥിതി സംരക്ഷണ നിയമപ്രകാരം കമ്പനി അടച്ചുപൂട്ടാത്തതിനും പ്ലാന്റ് കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും കാരണംകാണിക്കൽ നോട്ടീസുകളും വേദാന്തയ്ക്ക് നൽകി. പ്രകൃതി വിഭവങ്ങളിലധിഷ്ഠിതമാണ് ജീവിതമെന്ന് തിരിച്ചറിയുന്ന ആദിവാസി ജനതയുടെ വിജയമാണിതെന്നും വനാവകാശ നിയമത്തിനെതിരെയുണ്ടായ എതിർപ്പുകളുടെ പശ്ചാത്തലത്തിലാണ് ഈ വിജയം വിലയിരുത്തപ്പെടേണ്ടതെന്നും ഡൗൺ ടു എർത്ത് എഡിറ്റർ**

**സുനിത നാരായണൻ** നിരീക്ഷിക്കുന്നു




# വേദാന്തയും വനപരിപാലനത്തിന്റെ പുതിയ മാർഗ്ഗങ്ങളും

**വനസംരക്ഷണ** സംഘടനകളുടെ കഠിനമായ എതിർപ്പിനെ മറികടന്നാണ് 2006 ലെ വനാവകാശ നിയമം നിലവിൽ വന്നത്. ഈ നിയമത്തിലൂടെ ഗോത്രവർഗ്ഗക്കാർക്ക് ലഭിയ്ക്കുന്ന അവകാശങ്ങൾ കാടിനെയും വന സമ്പത്തിനെയും ഇല്ലാതാകുമെന്ന് അവർ ചൂണ്ടികാട്ടി. കൂടാതെ വ്യാപാരികൾക്ക് കാടുകൈയേറാൻ ഈ നിയമം എളുപ്പമാക്കുകയും ചെയ്യുമെന്നും അവർ പറഞ്ഞു. ഈ എതിർപ്പിന്റെ പശ്ചാത്തലത്തിലാണ് ഒറീസ്സയിലെ ബോക്സൈറ്റ് ഖനനത്തിനുള്ള അനുമതി വേദാന്തകമ്പനിയ്ക്ക് നിഷേധിച്ച നടപടിയെ വീക്ഷിക്കേണ്ടത്. എൻ.പി.സക്സേനയുടെ നേതൃത്വത്തിലുള്ള കേന്ദ്രപരിസ്ഥിതി മന്ത്രാലയ പാനൽ വനാവകാശ നിയമം നടപ്പിലാക്കുന്നതിലുള്ള സർക്കാരിന്റെ വീഴ്ചയെ കുറ്റപ്പെടുത്തിയിട്ടുണ്ട്. പദ്ധതി അനുവദിയ്ക്കുന്നതിന് മുൻപ് ഗോത്രവകാശങ്ങൾ തീർപ്പാക്കിയിരിക്കണമെന്ന നിയമം പാലിച്ചിട്ടില്ലെന്ന് പാനൽ കണ്ടെത്തി. വനാ

ന്തര സമൂഹങ്ങൾ ഗ്രാമസഭകൾ വഴി മാത്രമേ സമ്മതപത്രം നല്കാവൂ എന്നതും ഇവിടെ അട്ടിമറിയ്ക്കപ്പെട്ടു. കൂടാതെ സംസ്ഥാന സർക്കാർ ഈ പോരായ്മകളൊക്കെ മൂടിവക്കാൻ ശ്രമിച്ചെന്നും കമ്മറ്റി ആരോപിച്ചു. ഖനനം വിഭാവനം ചെയ്യുന്ന സ്ഥലത്ത് താമസിക്കുന്നവരെല്ലാം പദ്ധതിയ്ക്ക് എതിരാണ്. അവക്ക് പറയാനുള്ളത് കേൾക്കാൻ ആരും തയ്യാറായതുമില്ല. പ്രമുഖമായൊരു കമ്പനിയ്ക്കെതിരെ തീരുമാനമെടുക്കാൻ മന്ത്രാലയത്തെ പ്രേരിപ്പിച്ചത് ഇതെല്ലാമാണ്.

അമിത വികസനത്തിനെതിരെയുള്ള പാരിസ്ഥിതിക വിജയം ആഘോഷിയ്ക്കുമ്പോൾ നമ്മുടേതുപോലുള്ള ഒരു ദരിദ്രരാഷ്ട്രം നേരിടുന്ന ഹരിത ഭീഷണികളെന്തെല്ലാമാണെന്ന് പരിശോധിക്കേണ്ടതുണ്ട്. 1970കളിൽ പരിസ്ഥിതി മുന്നേറ്റങ്ങൾ രാജ്യത്ത് വേരുപിടിച്ചു തുടങ്ങുമ്പോൾ അതിന് രണ്ട് ധാരകളുണ്ടായിരുന്നു. വന്യജീവി സംരക്ഷണമായിരുന്നു ആദ്യത്തേത്. കടുവാസംരക്ഷണം രാജ്യത്ത് തുടക്കം കുറിച്ചത് ഇക്കാലത്താണ്. വനത്തിനുള്ളിലെ ജന്തുജാലങ്ങളെ സംരക്ഷിക്കാനുള്ള യത്നങ്ങൾ ഇതോടെ ആരംഭിച്ചു. എന്നാൽ കാട്ടിൽ കഴിഞ്ഞുകൂടിയിരുന്ന ജനങ്ങളുടെ അവകാശങ്ങളും ആവശ്യങ്ങളും പരിരക്ഷിക്കുന്നതിൽ അതു പരാജയപ്പെട്ടു. ഹിമാലയത്തിൽ സ്ത്രീകൾ നേതൃത്വം കൊടുത്ത ചിപ്കോ പ്രസ്ഥാനവും ഈ കാലത്താണ് ഉദയംകൊണ്ടത്. എന്നാൽ മരങ്ങൾ സംരക്ഷിക്കാൻ വേണ്ടി മാത്രമല്ല അതു മുറിക്കാനുള്ള അധികാരത്തിന് കൂടിയായിരുന്നു ആ സമരം. അതിജീവനത്തിന്റെ അടിസ്ഥാനമായ കാട്ടുമരങ്ങൾ മുറിക്കില്ലെന്ന് അവർ പറഞ്ഞത് ചുരുക്കം ചിലർ മാത്രമാണ് ശ്രദ്ധിച്ചത്. പരിസ്ഥിതിയുടെ മൂല്യം അവർക്കറിയാമായിരുന്നു.

പാരിസ്ഥിതിക പരിപാലനത്തിന്റെ ഈ രണ്ടാം ധാര പക്ഷേ ഇടക്കെങ്ങോ നഷ്ടപ്പെട്ടു. നമ്മൾ ഇതര ദേശങ്ങളിലെ പ്രകൃതി സംരക്ഷണ മാതൃകകൾ പിന്തുടരാൻ തുടങ്ങി. അതാകട്ടെ, ആദ്യം നശിപ്പിക്കുകയും പിന്നീട് നേരാക്കുകയോ പരിപാലിക്കുകയോ ചെയ്യുന്ന തരത്തിലുമായിരുന്നു. നമ്മൾ രാജ്യത്തെ ദരിദ്രജനങ്ങളെ വിശ്വസിച്ചില്ല എന്നതാണ് അവമാതൃകയാക്കാനുള്ള ഒരു കാരണമായി എനിക്കു തോന്നുന്നത്. വനനശീകരമായാലും തണ്ണീർത്തട സംരക്ഷണമായാലും നാം ജനങ്ങളേക്കാൾ വിശ്വസിച്ചത് ഉദ്യോഗസ്ഥരെയാണ് ജനങ്ങളെ കാടുകളിൽ നിന്നും അടർത്തിമാറ്റി അവരുടെതന്നെ സ്ഥലങ്ങളിൽ അവരെ കടന്നു കയറ്റക്കാരാക്കി. അവരുടെ ഇച്ഛാനുസരണമുള്ള വികസന അവകാശ ങ്ങളെ നിരാകരിച്ചു. എന്നാൽ ഇന്ത്യയിലെ ഇന്നത്തെ നവപരിസ്ഥിതി പ്രസ്ഥാനങ്ങൾ ആ പ്രശ്നങ്ങളെ അതിജീവിച്ചു. മദ്ധ്യവർഗ്ഗ പരിസ്ഥിതി വാദികൾ അവിശ്വസിച്ച ജനവിഭാഗങ്ങളുടെ പ്രതിരോധ പ്രവർത്തനങ്ങളാണ് ലോകത്തിലെ ഏറ്റവും ശക്തരായ കമ്പനികളിലൊന്നായ വേദാന്തയെ തോല്പിച്ചത്. ദരിദ്രരുടെ പ്രകൃത്യാവബോധവും അതിജീവനത്തിനുവേണ്ടിയുള്ള അവരുടെ പ്രവർത്തനങ്ങളുമാണ് വിജയം സാധ്യമാക്കിയത്. പ്രകൃതി വിഭവങ്ങൾ, ഭൂമി, വനം, വെള്ളം എന്നിവയിൽ അധിഷ്ഠിതമാണ് ഉപജീവനമെന്ന് അവർക്കറിയാം. മൂലധനകേന്ദ്രീകൃത ഖനന വികസന പ്രവർത്തനങ്ങൾ അവരുടെ ആവശ്യങ്ങളെ ഉൾക്കൊള്ളുന്നില്ലെന്നും അവർ മനസ്സിലാക്കിയിട്ടുണ്ട്. കാടുവെട്ടിത്തെളിയിച്ച് ഖനനം തുടങ്ങിയാൽ ദാരിദ്ര്യം കൂടുതൽ രൂക്ഷമാവുകയുള്ളൂവെന്ന് അവർ തിരിച്ചറിയുന്നു. അതുകൊണ്ടെല്ലാമാണ് വേദാന്തയ്ക്കെതിരെ സന്ധിയില്ലാസമരത്തിന് അവർ തയ്യാറായത്.

ഇത് നഗരത്തിലെ ഗ്രീൻ ലോബിയുടെ പ്രസ്ഥാനമല്ലെന്നത് ശ്രദ്ധേയമാണ്. നിയമ്ഗിരിക്കുന്നുകളെ ആദരപൂർവ്വം വാഴ്ത്തുന്ന പുരാതന ഗോത്ര സമൂഹങ്ങളുടെ സംഘടനയാണിത്. അവരുടെ സംസ്കാരത്തിലുള്ള വിശ്വാസമാണ് സമരത്തിന് അവരെ സജ്ജരാക്കിയത്. ഈ വിജയം അവരുടെ വിശ്വാസത്തെ മാറ്റിമറിയ്ക്കാമോ എന്നാണ് എന്റെ സംശയം. വികസന പാഠങ്ങൾ നമ്മൾ പഠിക്കുമോ? തദ്ദേശവികസനത്തിനുള്ള സ്രോതസ്സുകളായി ജനങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ഒരു വളർച്ചാ മാതൃക ഉണ്ടാകുമോ? വികസന ലോബികളുടെ വിഭവക്കവർച്ചകൾക്ക് തുല്യമാണ് പരിസ്ഥിതി പ്രവർത്തനങ്ങൾ മൂലം ജനങ്ങൾക്ക് കാടുവിട്ടോടേണ്ടിവരുന്നതും. വികസനം അവരുടെ ഭൂമി, വെള്ളം, കാട് എന്നിവ ആവശ്യപ്പെടുന്നു. പരിപാലനം അവരെ കാട്ടിലെ ജനനസ്ഥലങ്ങളിൽ നിന്നും പുറന്തള്ളുന്നു. ഇന്ത്യയുടെ വന നയം പ്രധാനമായും രണ്ട് ഘടകങ്ങളാൽ നിയന്ത്രിയ്ക്കപ്പെടുന്നു. വ്യവസായങ്ങൾക്കായി വിഭവങ്ങൾ ഊറ്റിയെടുക്കാനും വന്യമൃഗങ്ങൾക്കായി വനവിഭവങ്ങൾ പരിപാലിക്കാനും. രണ്ടിടത്തും ജനങ്ങളുടെ പുറന്തള്ളൽ കൂടികൂടി വരികയാണ്. ഇതുകൊണ്ടാണ് മൃഗങ്ങൾക്കുനേരെയുള്ള രോഷം ഇന്ത്യയിൽ കൂടുതൽ കാണപ്പെടുന്നത്. വനങ്ങൾ കൂടുതൽ നശിയ്ക്കപ്പെടുന്നത്. ആവാ സസ്ഥലങ്ങൾ കൂട്ടമായി തകർക്കപ്പെടുന്നത്.

ജനങ്ങളെ വിശ്വാസത്തിൽ എടുക്കേണ്ട സമയമായിരിക്കുന്നു. എങ്കിൽ മാത്രമേ, വേദാന്തയ്ക്കെതിരെയുള്ള വിജയം (മറ്റ് സമാന ജയങ്ങളും) പൂർണ്ണമാകു.

പരിഭാഷ: അജിതൻ

(കടപ്പാട്: ഡൗൺ ടു എർത്ത്)


പ്രിയ കേരളീയം
വായനക്കാരാ/രി,

**വരിസംഖ്യ**
**240/- രൂപ**

*അയച്ചുതന്ന് സഹകരിക്കുമല്ലോ.*
*കൂടാതെ*
**സംഭാവന, അറിയിപ്പുകൾ, വാർത്തകൾ, വിശകലനങ്ങൾ**
*തുടങ്ങിയവയും അയച്ചുതരുമല്ലോ.*

കേരളീയം

കൊക്കാലെ, തൃശൂർ–21.

ഫോൺ :
**9446576943, 9446586943, 0487-2421385**